# പ്രസ് അക്കാദമി കെട്ടിടോദ്ഘാടനം

കാക്കനാട്

15.03.2008

പ്രസ് അക്കാദമിയുടെ നവീകരിച്ച കെട്ടിടം ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

പത്രപ്രവർത്തക പ്രതിഭാപുരസ്കാരം നേടിയ കെ. മോഹനൻ, ടി.ഒ. ചെറുവത്തൂർ, പി. ശ്രീധരൻ, തെരുവത്ത് രാമൻ, എം. റഷീദ് എന്നിവരെ ഞാൻ അഭിവാദ്യം ചെയ്യുന്നു. മലയാള പത്രപ്രവർത്തനരംഗത്ത് ദീർഘ കാലം സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ച് വ്യക്തിമുദ്ര പതിപ്പിച്ചവരാണ് പ്രതിഭാപുരസ്കാരം നേടിയിട്ടുള്ളത്.

കേരളാ പ്രസ് അക്കാദമി ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടിരിക്കുക യാണ്. രജത ജൂബിലി വേളയിൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങളി ലൊന്നാണ് അക്കാദമിയുടെ കെട്ടിടനവീകരണം. മാധ്യമ മ്യൂസിയവും മാധ്യമഗവേഷണകേന്ദ്രവും ആരംഭിക്കുന്നതിനായി കെട്ടിടത്തിലെ പുതിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയും.

അച്ചടി - ദൃശ്യമാധ്യമരംഗത്ത് കേരളാ പ്രസ് അക്കാദമി ശ്രദ്ധേയമായ പങ്ക് നിർവഹിച്ചു വരുന്നുണ്ട്. ഇന്ന് കേരളത്തിലെ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന ചെറുപ്പക്കാരിൽ നല്ലൊരു വിഭാഗം പ്രസ് അക്കാദമി യിൽ പരിശീലനം നേടിയവരാണ്. അച്ചടി മാധ്യമങ്ങൾ മാത്രമുണ്ടായി രുന്ന കാലഘട്ടത്തിലാണ് പ്രസ് അക്കാദമി ആരംഭിച്ചത്. എന്നാൽ ഇന്ന് ദൃശ്യമാധ്യമങ്ങൾ ഏറെ സജീവമാണ്. പ്രസ് അക്കാദമിയിലെ കോഴ്സു കൾ അതിനനുസരിച്ച് നവീകരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

അക്കാദമിയുടെ പ്രവർത്തനം കുറേക്കൂടി വൈവിധ്യവൽക്കരിക്കേണ്ട തുണ്ട്. അച്ചടി - ദൃശ്യമാധ്യമ പ്രവർത്തനരംഗത്ത് ഇന്നത്തെ കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിൽ ആധുനികവൽക്കരണം ആവശ്യമാണ്. അതി നായി പ്രസ് അക്കാദമിയിൽ കൂടുതൽ കോഴ്സുകൾ തുടങ്ങാൻ കഴി യണം.

അതുപോലെ മാധ്യമമ്യൂസിയവും മാധ്യമ പഠനഗവേഷണകേന്ദ്രവും വൈകാതെ ആരംഭിക്കണം. ഇതിന് സർക്കാർ സഹായം നൽകും. പത്ര മാനേജ്മെന്റ് പ്രതിനിധികളും പത്രപ്രവർത്തക പ്രതിനിധികളും ഉൾപ്പെട്ട ഭരണസമിതിയാണ് അക്കാദമിയുടെ ഭരണം നിയന്ത്രിക്കുന്നത്. മാധ്യമ മ്യൂസിയവും പഠനകേന്ദ്രവുമൊക്കെ സ്ഥാപിക്കുന്നതിന് മാധ്യമ മാനേജ്മെന്റുകൾക്ക് പ്രസ് അക്കാദമിയെ നല്ലനിലയിൽ സഹായിക്കാ നാവും. സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റിന് പുറമെ ഈ വിധത്തിൽ പണം കണ്ടെത്താൻ അക്കാദമി ഭരണസമിതി ശ്രമിക്കണം.

മാധ്യമപ്രവർത്തനരംഗത്ത് ഗുണനിലവാരമുയർത്താനും മാധ്യമപ്രവർത്ത കർക്ക് തുടർപരിശീലനം നൽകാനും അക്കാദമിക്ക് വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. പണമാണ് അതിന് തടസ്സമെന്ന് പറയുമെന്നറിയാം. സർക്കാർ കഴിയാവുന്നത്ര സഹായം നൽകുമെന്ന് ഉറപ്പു നൽകുന്നതോടൊപ്പം സ്വന്തം നിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം മുന്നോട്ടു വെക്കട്ടെ.

പ്രസ് അക്കാദമിയുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്താൻ പുതിയ കെട്ടിടവും സൗകര്യങ്ങളും സഹായകമാകുമെന്ന പ്രതീക്ഷ യോടെ നിർത്തുന്നു.

നന്ദി, നമസ്ക്കാരം

◆◆◆◆◆◆◆◆